**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **13-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ വായ്പാ ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി പെൻഷൻ വിതരണത്തിനായി എടുക്കുന്ന വായ്പയുടെ ബാദ്ധ്യത സർക്കാരിനായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ നിർദ്ദേശ പ്രകാരം സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് കമ്പനി പെൻഷൻ വിതരണത്തിനായി നിലവിൽ വായ്പ എടുക്കുന്നത്. |
| (ബി) | എന്നാൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പലിശ ഇനത്തിൽ 1596 കോടി രൂപ പെൻഷൻ കമ്പനി തന്നെ അടച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; വിശദമാക്കുമോ; | (ബി) | സർക്കാരിൽ നിന്നുള്ള ഗ്രാന്റാണ് കമ്പനിയുടെ മുഖ്യ വരുമാന മാർഗ്ഗം. അതുകൊണ്ട് തന്നെ ടി സ്രോതസ്സ് ഉപയോഗിച്ചാണ് കമ്പനി പ്രധാനമായും വായ്പകളുടെ തിരിച്ചടവ് കൃത്യമായി നടത്തുന്നത്. |
| (സി) | പെൻഷൻ വിതരണത്തിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എടുക്കുന്ന വായ്പയുടെ ബാദ്ധ്യതയിൽ നിന്നും സർക്കാർ പിന്മാറാനുള്ള തീരുമാനത്തിന്റെ ഭാഗമാണ് ഈ നടപടി എന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (സി) | അല്ല. |

സെക്ഷൻ ഓഫീസർ